**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1586** **05-07-2022 - ൽ മറുപടിയ്ക്ക്**

**കൃഷി ഭവനുകളുടെ പ്രവർത്തനം കർഷക സൗഹൃദമാക്കാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. എം.കെ . മുനീർ ,<br>ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ . എൻ . ഷംസുദ്ദീൻ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കൃഷി ഭവനുകളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിലെ വീഴ്ചയും ആവശ്യമായ ജീവനക്കാരെ നിയോഗിക്കാതിരിക്കുന്നതും വിവിധ പദ്ധതി പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **ഇല്ല. എന്നാൽ ചില കൃഷിഭവനുകളിൽ കൃഷി ഓഫീസറുടെ തസ്തിക പി. എസ്. സി. ലിസ്റ്റ് നിലവിലില്ലാത്തതിനാൽ നികത്താൻ സാദ്ധ്യമായിട്ടില്ല. അത്തരം പ്രദേശങ്ങളിൽ ബദൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.** |
| (ബി) | കൃഷി ഭവനുകളുടെ പ്രവർത്തനം കർഷക സൗഹൃദമാക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | ഉണ്ട്. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ സേവനങ്ങൾ കാര്യക്ഷമമായും സുതാര്യമായും കർഷകരുടെ വിരൽ തുമ്പിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെയും കർഷക സമൂഹത്തിന്റെ എല്ലാ ആവശ്യങ്ങളും ഏകജാലക സംവിധാനത്തിലൂടെ നിറവേറ്റുന്നതിനായും സർവ്വീസ് ഡെലിവറി, അടിസ്ഥാന സൗകര്യങ്ങൾ, ഇൻഫർമേഷൻ സിസ്റ്റം എന്നീ മേഖലകളിൽ കൃഷിഭവനെ മികച്ചതാക്കുക എന്ന ലക്ഷ്യത്തോടെയും 'സ്മാർട്ട് കൃഷിഭവൻ' പദ്ധതി ഘട്ടംഘട്ടമായി നടപ്പാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ